# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ

തൈക്കാട് പി.ഒ, തിരുവനന്തപുരം – 695014

☎0471-2468690

നമ്പർ.സി.എസ്.ഇ.ബി /എൻ&സിഎ/27/ 2017

## യോഗ്യത പരീക്ഷാ പൊതു വിജ്ഞാപനം

**വിജ്ഞാപന തീയതി : 01.08.2024**

ഓൺലൈൻ അപേക്ഷ ലഭിക്കേണ്ട
അവസാന തീയതി- **31.08.2024**

**1969** ലെ കേരള സഹകരണ നിയമം ചട്ടം 185 (5) പ്രകാരം സഹകരണ സംഘം ജീവനക്കാരിൽ നിന്നും യോഗ്യത നിർണ്ണയ പരീക്ഷയക്ക് ബന്ധപ്പെട്ട ഫീഡർ കാറ്റഗറികളിലും/ഫീഡർ കാറ്റഗറികൾക്ക് തൊട്ടുതാഴെയുള്ള തസ്തികകളിലും ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ നിന്നും യഥാക്രമം അപേക്ഷ ക്ഷണിക്കുന്നു.

| കാറ്റഗറി | ഉദ്യോഗകയറ്റ തസ്തിക | സംഘം/ബാങ്ക് കാറ്റഗറി | വിജ്ഞാപന നമ്പർ |
|---|---|---|---|
| **I** | (1)അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ/ തത്തുല്യ തസ്തിക (കേരള സഹകരണ നിയമം ചട്ടം 185 (2) (iv)) | പത്ത്കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള പ്രാഥമിക വായ്പ സഹകരണ സംഘം/ ബാങ്കുകൾ | **6/2024** |
| | (2) അസിസ്റ്റന്റ് സെക്രട്ടറി/ മാനേജർ/ തത്തുല്യ തസ്തിക (കേരള സഹകരണ നിയമം ചട്ടം 185 (2) (iv)) | പത്ത്കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള അർബൻ ബാങ്കുകൾ | |
| **II.** | ഡെപ്യൂട്ടി മാനേജർ / അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് ആഫീസർ (കേരള സഹകരണ നിയമം ചട്ടം 185 (2) (iii)) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | **7/2024** |
| **III.** | ഫിനാൻസ് മാനേജർ **I &II**/അഗ്രികൾച്ചറൽ ഡെവലപ്പ്മെന്റ് മാനേജർ /കോർ ഫാകൽറ്റി (കേരള സഹകരണ നിയമം ചട്ടം 185 (6)) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | **8/2024** |
| **IV.** | റീജിയണൽ മാനേജർ (കേരള സഹകരണ നിയമം ചട്ടം 185 (6) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | **9/2024** |
| **V.** | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ / തത്തുല്യ തസ്തിക (കേരള സഹകരണ നിയമം ചട്ടം 185 (6) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | **10/2024** |

1. കാറ്റഗറി **I** ൽ പ്രതിപാദിക്കുന്ന തസ്തികകളിലേക്കുള്ള യോഗ്യതാ പരീക്ഷയിൽ ഫീഡർ കാറ്റഗറികളിലും ഫീഡർ കാറ്റഗറികൾക്ക് തൊട്ടുതാഴെയുള്ള തസ്തികകളിലും ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് പങ്കെടുക്കാവുന്നതാണ്.

2. കാറ്റഗറി **II, III, IV, V** ൽ പ്രതിപാദിക്കുന്ന തസ്തികകളിലേക്കുള്ള യോഗ്യതാ പരീക്ഷയിൽ ഫീഡർ കാറ്റഗറികളിൽ ഉൾപ്പെട്ടിട്ടുള്ള തസ്തികകളിലെ ജീവനക്കാർക്ക് പങ്കെടുക്കാവുന്നതാണ്.

3. അപേക്ഷകന്റെ ഇപ്പോഴത്തെ തസ്തിക, കേരള സഹകരണ നിയമം ചട്ടത്തിലെ Appendix III പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ, അർബൻ ബാങ്കുകൾ എന്നിവയുടെ നിലവിലെ ക്ലാസ്സിഫിക്കേഷൻ എന്നിവ ഓൺലൈനിൽ വ്യക്തമായി രേഖപ്പെടുത്തണം.

4. യോഗ്യത പരീക്ഷയ്ക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകൻ/അപേക്ഷക ജോലി ചെയ്യുന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്ന യൂസർ ഐഡി മുഖേന അപേക്ഷിക്കുന്ന ജീവനക്കാരന്റെ സേവന വിവരങ്ങൾ <u>എംപ്ലോയീസ് ഡീറ്റെയിൽസ് എൻട്രിയിൽ</u> രേഖപ്പെടുത്തേണ്ടതാണ്. അതിനുശേഷം സ്ഥാപനത്തിന്റെ

പ്രൊഫൈലിൽ തന്നെ പ്രൊമോഷൻ എക്സാം (Promotion Exam) എന്ന ലിങ്കിൽ ഇഷ്യൂ സർട്ടിഫിക്കറ്റ് (Issue Certificate) ക്ലിക് ചെയ്ത് സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കേണ്ടതാണ്. പ്രിന്റ് എടുത്ത സർട്ടിഫിക്കറ്റ് ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തി കൈപ്പറ്റേണ്ടതാണ്

5. **എംപ്ലോയീസ് ഡീറ്റെയിൽസ് എൻട്രിയിൽ** വിവരങ്ങൾ രേഖപ്പെടുത്തിക്കഴിയുമ്പോൾ എൻട്രി ചെയ്ത ജീവനക്കാരന്റെ മൊബൈലിൽ യൂസർ ഐഡി, പാസ്സ്‌വേർഡ് ലഭിക്കുന്നതാണ്. പ്രസ്തുത യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം സ്ഥാപനത്തിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്സ്കാൻ ചെയ്ത് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്ത്, ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. യോഗ്യത പരീക്ഷയ്ക്ക് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പ്രകാരം www:cseb.kerala.gov.in വെബ്സൈറ്റിൽ കാന്റിഡേറ്റ് ലോഗിൻ (Candidate Login) വഴി മൊബൈലിൽ ലഭിച്ച യൂസർ ഐഡി, പാസ്സ്‌വേർഡ് ഉപയോഗിച്ച് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7. യോഗ്യത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് ജീവനക്കാർ ആയിരത്തി അഞ്ഞൂറ് (1500) രൂപ ഓൺലൈൻ ആയി ഫീസ് അടക്കേണ്ടതാണ്.

8. യോഗ്യത പരീക്ഷയുടെ ഹാൾ ടിക്കറ്റ് ജീവനക്കാരുടെ പ്രൊഫൈലിൽ ഡൌൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്.

9. യോഗ്യത പരീക്ഷ സംബന്ധിച്ചുള്ള അറിയിപ്പുകൾ ജീവനക്കാരുടെ പ്രൊഫൈലിൽ യഥാസമയം ലഭ്യമാകുന്നതാണ്. ജീവനക്കാർ അവരുടെ പ്രൊഫൈൽ ഇടയ്ക്കിടെ പരിശോധിക്കേണ്ടതാണ്.

10. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി 31.08.2024.

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനു വേണ്ടി

സുരേഷ് കുമാർ.റ്റി
സെക്രട്ടറി
സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
തിരുവനന്തപുരം.

സ്ഥലം : തിരുവനന്തപുരം
തീയതി : **01.08.2024**